പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം

219 (911) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം പാലക്കാട് ജില്ലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുവാൻ ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ജില്ലയിലെ കളങ്ങളും ജലസംഭരണികളും ആശങ്കാജനകമായ വിധത്തിൽ ജലദൗർലഭ്യം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നബാർഡ് സഹായത്തോടെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ കളങ്ങളും കിണറുകളും അടിയന്തരമായി സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭരണാനുമതി നൽകുമോ ; എത്ര രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് ; ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി സർക്കാർ ജനപ്രതിനിധികളുടെ അടിയന്തരയോഗം വിളിച്ചു ചേർക്കുമോ ; എങ്കിലെന്ന് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) വേനൽമഴ കാര്യമായി ലഭിക്കാത്തതിനാൽ ജലസ്രോതസ്സുകളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണം കുറവായിട്ടുണ്ട്.

(ഡി) കളങ്ങളുടെയും നദികളുടെയും സംരക്ഷണവും പരിപാലനവും ചെയ്യുന്നതിനുവേണ്ടി നബാർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

220 (912) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലും സമീപത്തുള്ള ചില പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്ന ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വെള്ളം എടുക്കുന്ന റിസർവ്വോയർ ഉൾപ്പെട്ട ചക്കിട്ട പഞ്ചായത്തിലും പ്രസ്തുത പഞ്ചായത്ത് ഉൾപ്പെട്ട പേരാമ്പ്രമണ്ഡലത്തിലെ ഒരു പഞ്ചായത്തിലും പദ്ധതിയുടെ കുടിവെള്ളം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly